# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 292 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ എത്ര ആദിവാസി കുഞ്ഞുങ്ങൾ മരണപ്പെട്ടു; | എ | 49 കുഞ്ഞുങ്ങൾ മരണപ്പെട്ടു. |
| ബി | മരണപ്പെടുവാനുണ്ടായ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | ബി | ആരോഗ്യ വകുപ്പിന്റെ അന്വേഷണത്തിൽ പോഷകാഹാരക്കുറവുമൂലമുള്ള വളർച്ചയില്ലായ്മ കാരണമാണ് മരണപ്പെട്ടത് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി | ആദിവാസി അമ്മമാരുടെയും, കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനായി സംസ്ഥാന പട്ടികവർഗ്ഗ വികസനവകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; ഓരോ ഇനത്തിലും എന്ത് തുക ചെലവഴിച്ചു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ | സി | ഈ സാമ്പത്തികവർഷം മുതൽ "ജനനി-ജന്മരക്ഷ" എന്ന പേരിൽ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും പോഷകാഹാരം ലഭ്യമാക്കുന്നതിന് ഓരോ വ്യക്തിക്കും പ്രതിമാസം 1,000/- രൂപ വീതം 18 മാസത്തേക്ക് ധനസഹായം നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചു. ഇതിന് ഈ സാമ്പത്തിക വർഷം 115 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അട്ടപ്പാടിയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് അവിടുത്തെ പട്ടികവർഗ്ഗക്കാർക്ക് 10 കിലോ അരിയും 2 കിലോ പയറും നൽകി. തുടർന്ന് 4 മാസക്കാലം, പ്രതിമാസം 10 കിലോ വീതം റാഗി, 2 കിലോ വീതം പയർ തുടങ്ങിയവ വിതരണം ചെയ്യുന്നതിന് 153 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കു പുറമെ ഒന്നര വയസ്സ് പ്രായമുള്ള കുട്ടികൾക്കും, സാമൂഹ്യ നീതി വകുപ്പിലെ അംഗൻവാടി മുഖേന പ്രത്യേക പൂരക ഭക്ഷണ പരിപാടി നടപ്പാക്കുന്നുണ്ട്. |
| ഡി | ആദിവാസി ക്ഷേമ പദ്ധതികൾ ന്യൂനതകളില്ലാതെ നടപ്പിലാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ? | ഡി | പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ എല്ലാം സാദ്ധ്യമായ രീതിയിൽ ന്യൂനതകൾ ഇല്ലാതെയാണ് വകുപ്പ് നടപ്പാക്കുന്നത്. ന്യൂനതകൾ കണ്ടെത്തിയാൽ ഉടൻ പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. ഇതു കൂടാതെ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ആദിവാസി ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ, ഐ.എ.എസ് (റിട്ട.) നെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**